# പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

# വിഷൻ 2025

## അക്കാദമിക മാസ്റ്റർ പ്ലാൻ
## മാർഗ്ഗരേഖ 2022

## ഗവ. യു.പി.സ്കൂൾ
## ചെമ്മനാട് വെസ്റ്റ്

# അക്കാദമിക മാസ്റ്റർ പ്ലാൻ 2022

## താളുകളിലൂടെ....

1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയ ചരിത്രം
4. വിദ്യാലയത്തിന്റെ അടിസ്ഥാന വിവരങ്ങൾ
5. വിദ്യാലയം മികവിന്റെ കേന്ദ്രം-കാഴ്ചപ്പാട്
6. പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ
7. നിലവിലുള്ള അവസ്ഥാവിശകലനം
8. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
9. പദ്ധതി വിശദാംശങ്ങൾ
   (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ.
   കാലം, ചുമതല, സാമ്പത്തിക വിശകലനം)
10. പ്രതീക്ഷിത നേട്ടങ്ങൾ
11. മോണിറ്ററിംഗ്
12. ഉപസംഹാരം
13. അനുബന്ധം

## ആമുഖം

ചെമ്മനാട് വെസ്റ്റ് ഗവൺമെന്റ് യു.പി. സ്കൂളിലെ അടുത്ത 3 വർഷത്തേയ്ക്കുള്ള മാസ്റ്റർ പ്ലാനാണ് തയ്യാറാക്കിയിരിക്കുന്നത്. അക്കാദമിക, ഭൗതിക, സാമൂഹ്യ തലങ്ങളിൽ വിദ്യാലയം നേടേണ്ട വിശദമായ കാഴ്ചപ്പാടുകളാണ് രൂപീകരിച്ചിട്ടുള്ളത്. പഠന ബോധന പ്രക്രിയ ഫലപ്രദമാക്കി പഠിതാക്കളുടെ സർഗപരവും അക്കാദമികവും കായികവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിക്കുകയും നൈപുണ്യവികസനത്തിന് ഉതകും വിധം അവയെ പരിപോഷിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

ഇത്തരത്തിലുള്ള സർഗ്ഗശേഷികളുടെ വികാസം കൈവരിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തനാക്കുക വഴി, അന്തർദേശീയ തലത്തിൽ പോലും വിദ്യാർത്ഥികൾക്ക് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കും. ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ പരമാവധി പ്രയോജനപ്പെടുത്താനും ആസ്വാദ്യകരമാക്കാനും ഉതകുന്ന അധുനിക സങ്കേതങ്ങൾ സംജാതമാക്കേണ്ടതുണ്ട്.

സ്കൂളന്തരീക്ഷം ശിശുസൗഹൃദമാക്കുകയും ഭൗതിക സൗകര്യങ്ങൾ സാമൂഹ്യ പങ്കാളിത്തത്തോടെ പരമാവധി മെച്ചപ്പെടുത്തുകയും വഴി വിദ്യാലയം മികവിന്റെ കേന്ദ്രമാക്കുക എന്നതാണ് കാഴ്ചപ്പാട്. കൃത്യമായ ചർച്ചകളിലൂടെയും അഭിപ്രായ ക്രോഡീകരണങ്ങളിലൂടെയും ശേഖരിച്ച നിർദ്ദേശങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

# മാറിയ കാഴ്ചപ്പാട്

കോവിഡാനാന്തരം വിദ്യാലയത്തിലെത്തിയ കുട്ടികളിൽ പലതരത്തിലുള്ള മാനസിക പ്രയാസങ്ങൾ ഉണ്ടായിരുന്നു. ശ്രദ്ധയോടെ ക്ലാസ്സിൽ ഇരിക്കാനും പാഠഭാഗങ്ങൾ ശ്രദ്ധിക്കാനുമുള്ള പ്രയാസം, അലസത, ഉറക്കം വിരസത, കുട്ടികളുടെ പെരുമാറ്റ ദൂഷ്യം സംസാരത്തിലും സ്വഭാവത്തിലുമുള്ള വൈകല്യങ്ങൾ എന്നിവ അധ്യയനത്തെ ബാധിക്കുന്നതായി കാണപ്പെട്ടു. അതിന്റെ ഭാഗമായി നടത്തിയ മോട്ടിവേഷൻ ക്ലാസ്, കൗൺസിലിംഗ് എന്നിവയ്ക്കും പ്രതീക്ഷിച്ച ഫലം കണ്ടെത്താനായില്ല. പതിവ് രീതിയിലുള്ള ശ്രമങ്ങളെല്ലാം ഒരു പരിധി വരെ മാത്രമേ വിജയിച്ചിരുന്നുള്ളൂ. അക്കാലത്ത് എസ്.എസ്.കെ.യുടെ നേതൃത്വത്തിൽ നടന്ന സധൈര്യം എന്ന കരാട്ടേ പരിശീലന പരിപാടിയിൽ പങ്കെടുത്ത ഏതാനും കുട്ടികളിൽ വലിയ മാനസീക ഉണർവും സന്തോഷവും കാണാനിടയായി.

കൊറോണയ്ക്ക് മുമ്പ് കുട്ടികളിൽ പലർക്കും ഡിജിറ്റൽ ഡിവൈസുകൾ ഉപയോഗിക്കാൻ വേണ്ടത്ര ശേഷിയോ സാങ്കേതിക പരിജ്ഞാനമോ ഉണ്ടായിരുന്നില്ല. എന്നാൽ വിദ്യാലയം നടത്തിയ തനതു പരിപാടിയായ കടവത്ത് ക്വിസ് എന്ന ഓൺലൈൻ അക്കാദമിക പ്രവർത്തനങ്ങൾ ഈ രംഗത്ത് സൃഷ്ടിച്ച അഭൂതപൂർവമായ വളർച്ച ശ്രദ്ധേയമായിരുന്നു.

വീട്ടിൽ അടക്കപ്പെട്ട കടവത്തെ ജനതയുടെ (കുട്ടികളുടേയും രക്ഷിതാക്കളുടേയും അധ്യാപകരുടേയും) വിരസത അകറ്റുക എന്ന ലക്ഷ്യത്തോടെ മാത്രം ചെമ്മനാട് വെസ്റ്റ് അധ്യാപക കൂട്ടായ്മ നടപ്പിലാക്കിയ പ്രവർത്തനമായിരുന്നു കടവത്ത് ക്വിസ് എന്ന ഓൺലൈൻ ക്വിസ് മത്സരം. കടവത്തെ ജനത വലിയ ആവേശത്തോടെ ഏറ്റെടുത്ത പ്രവർത്തനം പിന്നീട് വിജ്ഞാനത്തിനും വിനോദത്തിനും മത്സരങ്ങൾക്കും ആഘോഷാചരണങ്ങൾക്കും വേദിയായി മാറി. എല്ലാ ദിവസവും പുറത്തിറക്കുന്ന വിജയികളുടെ മനോഹരമായ പോസ്റ്ററുകൾ കുട്ടികളിലും രക്ഷിതാക്കളിലും ആവേശവും അഭിമാനവും ഉണ്ടാക്കിയെടുത്തു.

അടച്ചിടൽ പൂർണ്ണമായോ ഭാഗീകമായോ ദിവസങ്ങളും, മാസങ്ങളും വർഷങ്ങളും കവർന്നെടുത്തപ്പോൾ കടവത്തെ ജനതയ്ക്ക് പ്രതീക്ഷയും കുട്ടികൾക്ക് വിജ്ഞാനവും അധ്യാപകർക്ക് സാങ്കേതിക രംഗത്ത് പരിശീലനവും ലഭിച്ച പ്രവർത്തനമായി കടവത്ത് ക്വിസ് വളർന്ന് വന്നു.

അങ്ങനെ കടവത്ത് ജനത ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ പുതിയ വഴി

ത്തിരിവിൽ എത്തിയപ്പോഴേക്കും കുട്ടികളിൽ ഡിജിറ്റൽഫോബിയയും പിടിപെട്ടു. ഇതിന് രണ്ടിനുമിടയിൽ കഷ്ടപ്പാട് ഏറെ സഹിക്കേണ്ടി വന്നവരാണ് അധ്യാപകർ. ഞങ്ങളെ സംബന്ധിച്ചിടത്തോളം നടത്തിയ പ്രവർത്തനങ്ങൾ ആത്മവിശ്വാസവും അഭിമാനവും സാങ്കേതിക പരിജ്ഞാനവും ഉണ്ടാക്കിത്തരാൻ പോന്നതായിരുന്നു.

ആദ്യഭാഗത്ത് വിവരിച്ച കുട്ടികളുടെ ക്ലാസ്സിലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരമെന്നോണമാണ് അവരെ ക്ലാസ്സിൽ നിന്നും പുറത്തേക്ക് എന്ന ചിന്തക്ക് വഴിയൊരുക്കിയത്. അത് നീന്തലായും തുഴയലായും കളികളായും കരാട്ടേയായും പ്രവർത്തി പഠനങ്ങളായും വിജയം കണ്ടു.

ഡിജിറ്റൽ വേലിയേറ്റത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്താനായത് ഹാദിനെപ്പോലുള്ള കുട്ടി പ്രതിഭകളുടെ ഉദയത്തിന് ഹേതുവായെന്നത് തികച്ചും യാഥാർത്ഥ്യം. ഇതിന്റെയൊക്കെ പരിണിതഫലമായി അവരുടെ സംഭാവനകൾ ക്ലാസ്സിലും സ്കൂളിലും പൊതുയോഗങ്ങളിലും ചർച്ചയായത് സാങ്കേതിക വിദ്യയുടെ ഉപയോഗത്തിന് പുതിയ മാനങ്ങളുണ്ടാക്കി.

കമ്പ്യൂട്ടർ ലാബ് ഫലപ്രദമായി ഉപയോഗിക്കുക വഴി ഇക്കാര്യങ്ങൾ പഠിതാക്കളുടെ മനോമുകുരങ്ങളിൽ വലിയ ചലനമുണ്ടാക്കാനുതകുമെന്ന തോന്നലിൽ നിന്ന് രണ്ടാം ഭാഗവും ആരംഭിക്കുകയാണ്.

ഇക്കാര്യങ്ങളുടെ കൃത്യതയാർന്ന തന്ത്രങ്ങൾ ആവിഷ്കരിച്ച് അക്കാദമിക മാസ്റ്റർപ്ലാനിൽ സന്നിവേശിപ്പിക്കാമെന്ന ചെമ്മനാട് വെസ്റ്റ് അധ്യാപക കൂട്ടായ്മയുടെ തീരുമാനത്തെ വിദ്യാലയ സ്നേഹികളായ രക്ഷിതാക്കളും കമ്മിറ്റികളും ഏറ്റെടുക്കുകയും ചെയ്തു.

# ലക്ഷ്യങ്ങൾ

→ കോവിഡാനന്തരം പഠിതാക്കളിലുണ്ടായ മനോവ്യാപാരങ്ങളുടെ അവസ്ഥാ വിശകലനം നടത്തി ബോധന പ്രക്രിയയിൽ കാലോചിതമായ മാറ്റം വരുത്തുന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിക്കുക.

→ വിദ്യാലയത്തിന്റെ പ്രാദേശിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി പഠിതാവിന്റെ മാനസികോല്ലാസത്തിന് ഉതകുംവിധം പ്രവർത്തനങ്ങൾ ആവിഷ്കരിച്ചുകൊണ്ട് പഠന തന്ത്രങ്ങളിൽ ബോധപൂർവമായ അനുരൂപീകരണം നടപ്പിലാക്കുക.

→ അക്കാദമിക മികവിനുതകരിക്കുന്ന വിധത്തിൽ ദീർഘകാലാടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യവും പശ്ചാത്തല സൗകര്യവും വർധിപ്പിക്കുക.

→ പ്രീപ്രൈമറി മുതൽ 7-ാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

→ അദ്ധ്യാപനവും, അദ്ധ്യയനവും സർഗാത്മകവും ആനന്ദദായകവുമാക്കുന്നതിനുപകരിക്കും വിധത്തിലുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

→ ഓരോ ക്ലാസിലെയും ദൈനംദീന പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്കും മേലധികാരികൾക്കും നിരന്തരം വിലയിരുത്താനവസരം ഒരുക്കുന്ന ഓൺലൈൻ പ്ലാറ്റ്ഫോം വികസിപ്പിക്കുക.

→ ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയത്തെ സജ്ജമാക്കുക.

→ ഓരോ അധ്യാപകരും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുക.

→ വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

→ ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുക.

→ വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

→ വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാകായിക, ശാസ്ത്ര, ഗണിത ശാസ്ത്ര പ്രവർത്തി പരിചയ പ്രവർത്തന ങ്ങളിൽ സജീവമായി ഇടപെടാനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.




# ചെമ്മനാട് വെസ്റ്റ് ഗവ.യു.പി. സ്കൂൾ

## വിദ്യാലയ ചരിത്രം

സപ്തഭാഷാ സംഗമഭൂമിയായ കാസറഗോഡ് ജില്ലയിൽ ചന്ദ്രഗിരിപ്പുഴയുടെ തീരത്ത് ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ കടവത്ത് എന്ന പ്രദേശത്ത് 122 വർഷങ്ങൾക്ക് മുമ്പ് സ്ഥാപിതമായ ചരിത്രമുറങ്ങുന്ന വിദ്യാലയമാണ് ഗവ.യു.പി.സ്കൂൾ ചെമ്മനാട് വെസ്റ്റ്.

ലഭ്യമായ വിവരങ്ങളും രേഖകളും അനുസരിച്ച് 1900-ലാണ് ഈ വിദ്യാലയം ആരംഭിച്ചത്. ഓട് ഫാക്ടറി നടത്തിവന്ന ഇസ്ലാമിയ കമ്പനിയാണ് 65 ഫീറ്റ് നീളവും 25 ഫീറ്റ് വീതിയുമുള്ള എൽ ഷെയ്പ്പിലുള്ള കെട്ടിടം പണിതത്. 5 ക്ലാസുകൾ നടത്താൻ പറ്റിയിരുന്ന ഈ കെട്ടിടത്തെ കാർക്കാണി ബിൽഡിംഗ് എന്നാണ് നാട്ടുകാർ വിളിച്ചിരുന്നത്.

ബ്രിട്ടീഷ് ഇന്ത്യയിലെ മദ്രാസ് പ്രസിഡൻസിക്ക് കീഴിൽ സർക്കാർ ഏറ്റെടുത്ത ഈ വിദ്യാലയം ബോർഡ് മാപ്പിള എലിമെന്ററി സ്കൂൾ ഫോർ ബോയ്സ് ചെമ്മനാട് വെസ്റ്റ് എന്ന് അറിയപ്പെട്ടു. ബോർഡ് മാപ്പിള എലിമെന്ററി സ്കൂൾ ഫോർ ഗേൾസ് എന്ന പേരിൽ ചെമ്മനാട് നോർത്തിൽ മറ്റൊരു വിദ്യാലയവും ഉണ്ടായിരുന്നു. പിന്നീട് ഈ രണ്ടു വിദ്യാലയങ്ങളും ചേർന്നാണ് ഇപ്പോഴത്തെ സ്കൂൾ സ്ഥാപിതമായത്.

പൊതുവിദ്യാലയങ്ങൾ പലതരം വെല്ലുവിളികൾ നേരിടുമ്പോഴും പുരോഗതിയുടെ പാതയിലൂടെ മാത്രം മുന്നേറാൻ ഈ വിദ്യാലയത്തിന് എന്നും സാധിച്ചിട്ടുണ്ട്. മലയാളം, ഇംഗ്ലീഷ് വിഭാഗങ്ങളിൽ പ്രീപ്രൈമറി മുതൽ ഏഴാം തരം വരെ 850 കുട്ടികൾ ഇവിടെ പഠനം നടത്തുന്നു.

പാഠ്യ-പാഠ്യാനുബന്ധ പ്രവർത്തനങ്ങളിലും സാമൂഹ്യരംഗത്തും മികച്ച നേട്ടങ്ങൾ കൈവരിച്ചുകൊണ്ട് മുന്നേറുന്ന ഈ വിദ്യാലയം നേരിടുന്ന വെല്ലുവിളി സ്ഥലപരിമിതി മാത്രമാണ്. കേവലം 37 സെന്റ് സ്ഥലം മാത്രമുള്ള കേരളത്തിലെതന്നെ ഏക വിദ്യാലയമാകാമിത്. പൊതുജനപങ്കാളിത്തത്തോടെ ജനകീയ ഇടപെടലോടെ ഇതും തരണംചെയ്യാമെന്ന പ്രതീക്ഷയോടെയാണ് 'വിഷൻ-2025' അവതരിപ്പിക്കപ്പെടുന്നത്.

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : **ഗവ.യു.പി.എസ്, ചെമ്മനാട് വെസ്റ്റ്** |
| വിലാസം | : ചെമ്മനാട് (പി.ഒ) പിൻ 671317 |
| ഫോൺ | : 04994 239248 |
| സ്കൂൾ കോഡ് | : 11453 |
| ഇ-മെയിൽ | : gupschemnadwest@gmail. com |
| സ്കൂൾ ബ്ലോഗ് | : 11453gupschemnadwest.blogspot.in |
| സ്കൂൾ വെബ്സൈറ്റ് | : www.gupschemnadwest.com |
| സ്കൂൾ വിക്കി | : Kasaragod (Revenue Dist) Kasaragod (Sub Dist) 11453 GUPS Chemnad West. |
| റവന്യൂജില്ല | : കാസറഗോഡ് |
| വിദ്യാഭ്യാസ ജില്ല | : കാസറഗോഡ് |
| വിദ്യാഭ്യാസ ഉപജില്ല | : കാസറഗോഡ് |
| ബി. ആർ. സി | : കാസറഗോഡ് |
| പഞ്ചായത്ത് | : ചെമ്മനാട് |
| നിയമസഭാ മണ്ഡലം | : ഉദുമ |
| ലോകസഭാ മണ്ഡലം | : കാസറഗോഡ് |
| താലൂക്ക്, വില്ലേജ് | : കാസറഗോഡ്, ചെമ്മനാട് |

### കുട്ടികളുടെ എണ്ണം (ആറാം പ്രവൃത്തിദിനം പ്രകാരം)

| STD | BOYS | GIRLS | TOTAL |
|---|---|---|---|
| 1 | 38 | 34 | 72 |
| 2 | 49 | 44 | 93 |
| 3 | 56 | 43 | 99 |
| 4 | 62 | 52 | 116 |
| 5 | 62 | 52 | 144 |
| 6 | 53 | 52 | 105 |
| 7 | 55 | 62 | 117 |
| **TOTAL** | **375** | **341** | **716** |

### അധ്യാപകരുടെ എണ്ണം

| LP SECTION | UP SECTION | HINDI | URUDU | ARABIC LP | ARABIC UP | TOTAL |
|---|---|---|---|---|---|---|
| 15 | 10 | 1 | 1 | 2 | 2 | 31 |

## വിദ്യാലയം മികവിന്റെ കേന്ദ്രം-കാഴ്ചപ്പാട്.

- വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റി കുട്ടികൾക്കും പ്രാദേശിക സമൂഹത്തിനും നേട്ടങ്ങളുണ്ടാകാനുതകും വിധം വിദ്യാലയത്തെ പുതുക്കിപ്പണിയുക.
- പാഠ്യ-പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
- ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
- ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജിക്കും വിധം മികവാർന്ന ശേഷിയും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പാക്കൽ.
- പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറക്ക് കൈമാറേണ്ട പരിസ്ഥിതിയെ കാത്തുസൂക്ഷിക്കാൻ സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തനാക്കുകയും ചെയ്യൽ.

## പദ്ധതി രൂപീകരണപ്രക്രിയ-വിവിധ ഘട്ടങ്ങൾ



എസ്സ്.ആർ.ജി. യോഗത്തിൽ ഗവ.യു.പി.സ്കൂൾ ചെമ്മനാട് വെസ്റ്റ് ◘വിഷൻ 2025◘ എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കുന്നു. വിഷയാടിസ്ഥാനത്തിൽ ഗ്രൂപ്പുകൾ രൂപീകരിച്ച് കരട് രൂപരേഖ തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ എസ്സ്.ആർ.ജി. കൺവീനറുടെ നേതൃത്വത്തിൽ നടക്കുന്നു.



വികസനാവശ്യങ്ങൾ വിഷയാടിസ്ഥാനത്തിൽ ഭൗതികം- അക്കാദമികം- സാമൂഹികം എന്നിങ്ങനെ മേഖലകൾ തിരിച്ച് പ്രത്യേക ഗ്രൂപ്പുകളിൽ ചർച്ച ചെയ്ത് ക്രോഡീകരിച്ചു. ആവശ്യമായ സന്ദർഭങ്ങളിൽ വിദഗ്ദരുടെ സേവനം പ്രയോജനപ്പെടുത്തുകയും വേണ്ടത്ര ചർച്ചകളിലൂടെ മികവാർന്ന രൂപരേഖ തയ്യാറാക്കുകയും ചെയ്തു.



കരടുരൂപരേഖ എസ്സ്.ആർ.ജി, എസ്.എം.സി, പി.ടി.എ, എം.പി.ടിഎ, ഒ.എസ്.എ, തുടങ്ങിയവരടങ്ങുന്ന ശിൽപശാലയിൽ അവതരിപ്പിച്ചു. ശിൽപശാലകളിലുയർന്നുവന്ന നിർദ്ദേശങ്ങൾ ചർച്ച ചെയ്തു വേണ്ട പാകപ്പെടുത്തലുകൾ നടത്തി.

- ശിൽപശാലയിൽ ഉയർന്നുവന്ന നിർദേശങ്ങൾ കൂട്ടിച്ചേർക്കുകയും വേണ്ട ഭേദഗതികൾ വരുത്തുകയും ചെയ്തു.

- പി.ടി.എ. നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കി.

# നിലവിലുള്ള അവസ്ഥാ വിശകലനം

## ഭൗതികം-നേട്ടങ്ങൾ

- → ആധുനിക സജ്ജീകരണങ്ങളോടെ ശീതീകരിച്ച കമ്പ്യൂട്ടർ ലാബ്, wi-fi സൗകര്യം
- → യു.പി. ക്ലാസ്സുകളിൽ മികച്ച ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- → സ്കൂൾ ബസ് സംവിധാനം
- → ഒന്നാംതരം മുതൽ കമ്പ്യൂട്ടർ പരിശീലനം നൽകാനുതകുംവിധം കമ്പ്യൂട്ടർലാബ്.
- → 5 സ്മാർട്ട് ക്ലാസ് മുറികൾ
- → ലഭ്യമായ പ്രാദേശിക സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നു.

## ഭൗതികം-പരിമിതികൾ

- → കേവലം 37 സെന്റ് സ്ഥലം മാത്രം
- → ആകെ 15 ക്ലാസ്സ് മുറികൾ മാത്രം
- → ഇപ്പോൾ മദ്രസ്സാ കെട്ടിടത്തിൽ 11 ക്ലാസ്സുകൾ വാടകക്ക്
- → പരിമിതമായ കളിസ്ഥലം
- → ശൗചാലയങ്ങൾ ആധുനികമാക്കി അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതുണ്ട്.
- → ഇരിപ്പിട സൗകര്യങ്ങളോടുകൂടിയ ഭക്ഷണശാല നിർമിക്കേണ്ടതുണ്ട്,
- → കൂടുതൽ ചെടികൾ വച്ചുപിടിപ്പിക്കുകയും പൂന്തോട്ടം, ജൈവ വൈവിധ്യ ഉദ്യാനം, ശലഭോദ്യാനം എന്നിവ മെച്ചപ്പെടുത്തി ആകർഷകമാക്കേണ്ടതുണ്ട്.
- → ക്ലാസ്സ്മുറികൾ കൂടുതൽ ആകർഷണീയമാക്കി ഡിജിറ്റലൈസ്സ് ചെയ്യേണ്ടതുണ്ട്.
- → ലാംഗ്വേജ് ലാബുകൾ സ്ഥാപിക്കുന്നതിനുള്ള ക്ലാസ്സ് മുറികൾ നിർമിക്കേണ്ടതുണ്ട്.
- → 3 കെ.വി. സൗരോർജ്ജ പാനൽ സ്ഥാപിച്ച് വൈദ്യുത മുടക്കംമൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്
- → അസംബ്ലി ഹാൾ/ഓഡിറ്റോറിയം
- → പ്രീ പ്രൈമറി കുട്ടികൾക്ക് ആകർഷകമായ ക്ലാസ് മുറികളും കളിപ്പാട്ടങ്ങളും
- → മൾട്ടിമിഡീയ ക്ലാസ് റൂം
- → ശാസ്ത്ര/ഗണിതശാസ്ത്ര സാമൂഹ്യ ശാസ്ത്ര ലാബുകൾ

## അക്കാദമികം-നേട്ടങ്ങൾ

→ എൽ.എസ്സ്.എസ്സ്, യു.എസ്സ്.എസ്സ് ഉയർന്ന വിജയശതമാനം.

→ സ്കൂൾ വിക്കി അവാർഡ്

→ സ്കൂൾ മികവ് ഫെസ്റ്റ് ജില്ലാ അവാർഡ്.

→ നു മാത്സ് തുടർച്ചയായ ഉപജില്ലാ വിജയം

→ നല്ലപാഠം ജില്ലാ അവാർഡ്

→ സംസ്ഥാന, ജില്ലാ, ഉപജാല്ലാ തലങ്ങളിൽ ക്വിസ്സ് മത്സരത്തിന് തുടർച്ചയായ വിജയം

→ മേളകളിൽ തുടർച്ചയായി ചാമ്പ്യൻഷിപ്പുകൾ

→ കടവത്ത് ക്വിസ്സ്, സ്റ്റാർ ഓഫ് ദി ഇയർ മത്സരങ്ങൾ

→ വായനാ പരിപോഷണം ക്ലാസ് ലൈബ്രറി ഗുണപരമായി ഉപയോഗിക്കൽ

## അക്കാദമികം-പരിമിതികൾ

→ അടിസ്ഥാനശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ കുട്ടികളുടെ വിഷയത്തോടുള്ള താൽപര്യം നിലനിർത്താൻ ഉതകുംവിധത്തിലുള്ള ലാബ് സൗകര്യം.

→ ഭാഷയിലും ഇംഗ്ലീഷിലും ഹിന്ദിയിലും പിന്നോക്കം നിൽക്കുന്ന വിദ്യാർഥികൾക്കായി ആകർഷകമായ ബോധന രീതികൾ ആവിഷ്ക്കരിക്കാനുതകുന്ന വിധത്തിലുള്ള ലാംഗ്വേജ് ലാബുകൾ സ്ഥാപിക്കേണ്ടതുണ്ട്.

→ വായനയുടെ ലോകത്തേയ്ക്ക് കുട്ടികളെ ആകർഷിക്കുന്നതിനായി ക്ലാസ്സ് ലൈബ്രറികൾ നവീകരിക്കുകയും പുസ്തകങ്ങളുടെ എണ്ണവും വൈവിധ്യവും വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

→ പ്രകൃതിയോടും ജീവജാലങ്ങളോടും ആഭിമുഖ്യം വളർത്താനുതകും വിധം ആസൂത്രണം ചെയ്ത പഠനയാത്രകൾ കൂടുതലായി നടത്തേണ്ടതുണ്ട്.

→ സർഗാത്മക രചനകളോടും ലേഖനപ്രവർത്തനങ്ങളോടും ആഭിമുഖ്യം പുലർത്താനുതകുംവിധം സർഗശേഷീ വികാസ ക്യാമ്പുകൾ കൂടുതൽ സംഘടിപ്പിക്കേണ്ടതുണ്ട്.

→ ആത്മവിശ്വാസം വളർത്തുവാനും നേതൃത്വവാസന വികസിപ്പിക്കാനും വേണ്ടി നേതൃത്വ പരിശീലന ക്ലാസ്സുകളും സർഗശേഷീ വികാസ ക്യാമ്പുകളും സംഘടിപ്പിക്കേണ്ടതുണ്ട്.

→ ആധുനിക രീതിയിലുള്ള ഓട്ടോമേറ്റഡ് സ്കൂൾ ലൈബ്രറി ഒരുക്കേണ്ടതുണ്ട്.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ-ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ♦ ഭാഷാശേഷി വികസനം | ♦ ചുറ്റുമതിൽ നിർമാണം | ♦ കോർണർ പി.ടി.എ. |
| ♦ ഇംഗ്ലീഷ് പഠന പരിപോഷണം | ♦ കളിസ്ഥലം മെച്ചപ്പെടുത്തൽ | ♦ പി.ടി.എ.ശാക്തീകരണം |
| ♦ ഗണിതശേഷി വികസനം | ♦ ചിൽഡ്രൻസ് പാർക്ക് | ♦ യോഗ പരിശീലനം |
| ♦ വായനാ പരിപോഷണം | ♦ ക്ലാസ്സ് മുറികൾ | ♦ ഭവന സന്ദർശനം |
| ♦ ശാസ്ത്രാഭിരുചി വളർത്തൽ | ♦ വിശ്രമ മുറികൾ | ♦ പ്രാദേശിക പി.ടി.എ |
| ♦ ലൈബ്രറി ശാക്തീകരണം | ♦ മൾട്ടിമീഡിയ മുറി | ♦ എസ്.എം.സി കാര്യക്ഷമമാക്കൽ |
| ♦ മിനിമം ലെവൽ ഓഫ് ലേർണിംഗ് | ♦ ഡൈനിംഗ് ഹാൾ | ♦ വിദ്യാലയ വികസന സമിതി |
| ♦ പ്രതിഭാ പോഷണ പരിപാടി | ♦ മാലിന്യ സംസ്കരണം | ♦ പൂർവ വിദ്യാർഥി സംഘടന |
| ♦ ജൈവ വൈവിധ്യ പാർക്ക് | ♦ ബയോഗ്യാസ്സ് പ്ലാന്റ് | ♦ എസ്.എസ്.ജി. |
| ♦ സാഹിത്യ പരിപോഷണ പരിപാടി | ♦ സൗരോർജ്ജ പാനൽ | ♦ എൽ.എസ്.ജി. |
| ♦ പഠനയാത്രകൾ | ♦ കുടിവെള്ള വിതരണം | ♦ വിദ്യാലയ മികവുകൾ |
| ♦ സെമിനാറുകൾ | ♦ ടോയ്‌ലറ്റ് നവീകരണം | ♦ സഹകരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, വ്യവസായ ഗ്രൂപ്പു കൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ. |
| ♦ കലാ-കായിക മേളകൾ | ♦ എന്റെ വീട് എന്റെ ചെടി | ♦ ക്ലാസ്സ് പി.ടി.എ. മാതൃകാ പരമാക്കാനുള്ള നടപടി |
| ♦ ശാസ്ത്ര ഗണിതശാസ്ത്ര മേളകൾ | ♦ ജന്മദിനം പുസ്തകം | ♦ പൂർവാധ്യാപക കൂട്ടായ്മ |
| ♦ സാമൂഹ്യ ശാസ്ത്ര മേളകൾ | ♦ എന്റെ കൃഷിത്തോട്ടം | ♦ രക്ഷിതാക്കൾക്ക് ഇ-സാ ക്ഷരത. |
| ♦ പ്രവൃത്തിപരിചയ പഠനം | ♦ ലാഗ്വേജ് ലാബ് | |
| ♦ ഐ സി ടി പരിശീലന പരിപാടി | ♦ നൂതന കമ്പ്യൂട്ടർ ലാബ് | |
| ♦ ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ | | |
| ♦ സ്കൂൾ പത്രം, മാസിക | | |
| ♦ എസ്. ആർ. ജി. ശാക്തീകരണം | | |
| ♦ രചനാ ശിൽപ ശാലകൾ | | |
| ♦ അഭിമുഖങ്ങൾ | | |
| ♦ ഗുണാത്മക വിലയിരുത്തൽ | | |
| ♦ ഭാഷാലാബ് | | |
| ♦ ബ്ലോഗ്, സ്കൂൾ വിക്കി | | |
| ♦ ദിനാചരണങ്ങൾ | | |
| ♦ ഗവേഷണാത്മക പ്രവർത്തനങ്ങൾ | | |
| ♦ ഡിജിറ്റൽ മാഗസിൻ | | |
| ♦ കടവത്ത് വാണി | | |

പ്രവർത്തനം ▫

പേര് : രചനാശില്പ ശാല

മേഖല : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനാ സാമഗ്രികളുടെ നിർമാണം. | കഥയരങ്ങ്, കവിയരങ്ങ്, രചനാശില്പശാല എന്നിവ സംഘടിപ്പിക്കൽ. രൂപപ്പെടുന്ന ഉൽപന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ. ക്ലാസ്സ് മുറിയിലെ പഠന സാമഗ്രികളായി മേൽ പറഞ്ഞ ഉൽപന്നങ്ങൾ ഉപയോഗിക്കൽ. വായന കാർഡ് നിർമ്മാണം | 2 മാസത്തിലൊരിക്കൽ | വിദ്യാരംഗം കലാസാഹിത്യ വേദി | 5000 പി.ടി.എ ഫണ്ട്. |

പ്രവർത്തനം ▫

പേര് : സർഗ സല്ലാപം

മേഖല : ഭാഷാശേഷി വികാസം

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയുടെ വിവിധ ശേഷികളിൽ മികവു നേടുക. | പ്രാദേശിക എഴുത്തുകാരെ സ്കൂളിലെത്തിക്കൽ. അവരുടെ വായന, എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ. പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എസ്.ആർ.ജി. പി.ടി.എ. | 2000 പി.ടി.എ ഫണ്ട് |

പ്രവർത്തനം ▫

പേര് : സ്കൂൾ വിക്കി നിറക്കൽ

മേഖല : ഭാഷാശേഷി വികാസം

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രചനകൾ നവമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ വിക്കി, സ്കൂൾ ബ്ലോഗ്, വാട്സാപ്പ് ഗ്രൂപ്പ് എന്നിവയിലൂടെ പ്രസിദ്ധീകരിക്കൽ. | പ്രതിമാസ പരിപാടി | എസ്.ആർ.ജി. വിദ്യാരംഗം എസ്.ഐ.ടി. സി. | |

## പദ്ധതി വിശദാംശങ്ങൾ                    മാതൃഭാഷ

പ്രവർത്തനം ▫

**പേര്** : **ഗ്രന്ഥശാലാ ശാക്തീകരണം**

**മേഖല** : **ഭാഷാ ശേഷികളുടെ വികാസം**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ. | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവന സന്ദർശനത്തിലൂടെ കണ്ടെത്തൽ. പുസ്തകങ്ങൾ വർഗീകരിച്ച് ക്രമീകരിക്കൽ. വിതരണ രജിസ്റ്റർ ശാസ്ത്രീയമാക്കൽ. | വർഷത്തിൽ 2 പ്രാവശ്യം | ലൈബ്രേറിയൻ , പി.ടി.എ എച്ച്.എം. | 2000 പി.ടി.എ ഫണ്ട്. |

പ്രവർത്തനം ▫

**പേര്** : **അഭിമുഖങ്ങൾ, സെമിനാറുകൾ**

**മേഖല** : **സർഗ്ഗശേഷി വികാസം**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗശേഷികളുടെ പരിപോഷണം. | പ്രശസ്തരായ സാഹിത്യകാരൻമാരുമായി അഭിമുഖം നടത്തൽ. സാഹിത്യനായകൻമാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.എസ്.ജി. ഒ.എസ്.എ. | 10000 ഒ.എസ്.എ. |

പ്രവർത്തനം ▫

**പേര്** : **നാടകക്കളരി**

**മേഖല** : **ഭാഷാശേഷികളുടെ വികസനം**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടില്ല ബാല സാഹിത്യ നോവലുകൾ ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കരണം പാഠഭാഗത്തെ നാടക മാക്കൽ | ദ്വൈ മാസ പരിപാടി | വിദ്യാരംഗം , ലാംഗ്വേജ് ടീച്ചർ | |
| പിന്നോക്കക്കാരെ കണ്ടെത്തി മുൻനിരയിലെത്തിക്കാനുള്ള പ്രവർത്തനങ്ങൾ | മലയാളതിളക്കം പ്രവർത്തനങ്ങൾ | ത്രൈമാസ പരിപാടി | എസ്.ആർ.ജി, ലാംഗ്വേജ് ടീച്ചർ | |

പ്രവർത്തനം ▫

പേര് : കടവത്ത് വാണി

മേഖല : ഭാഷയുടെ പ്രകടനപരത

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അവതരണ മികവ് കൈവരിക്കൽ | വിദ്യാലയത്തിൽ ക്രമീകരിക്കാനുദ്ദേശിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്നും എല്ലാക്ലാസ്സുകളിലും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് ഒഴിവുസമയത്ത് റേഡിയോ പ്രക്ഷേപണം. കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണം, ഔദ്യോഗിക അറിയിപ്പുകൾ നൽകൽ. | 1 വർഷം | എസ്.ആർ.ജി. പി.ടി.എ. | 75000 പി.ടി.എ, സ്പോൺസർഷിപ്പ് |

പ്രവർത്തനം ▫

പേര് : സർഗസൃഷ്ടിയുടെ പുസ്തകം

മേഖല : ഭാഷാശേഷി വികാസം

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയുടെ വിവിധ ശേഷികളിൽ മികവു നേടുക. | പഠനപ്രവർത്തനങ്ങളുടെ ഭാഗമായോ അല്ലാതെയോ കുട്ടികൾ രചിച്ച കഥ, കവിത, കുറിപ്പുകൾ തുടങ്ങിയവ ചേർത്ത് മാഗസിൻ തയ്യാറാക്കൽ. | 1 വർഷം | എസ്.ആർ.ജി. പി.ടി.എ. | 2000 പി.ടി.എ, സ്പോൺസർഷിപ്പ് |

പ്രവർത്തനം ▫

പേര് : എന്റെ ക്ലാസ്സ് എന്റെ ലൈബ്രറി

മേഖല : ഭാഷാശേഷി വികാസം

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷ ഉച്ചാരണ ശുദ്ധിയോടും സ്ഫുടതയോടും കൂടി വായിക്കുന്നതിനും തെറ്റുകൂടാതെ എഴുതുന്നതിനുമുള്ള ശേഷി ആർജിക്കൽ. | അലമാര സജ്ജമാക്കലും പുസ്തകങ്ങളുടെ ശേഖരണവും. കുട്ടികളുടെ സഹായത്തോടെ പുസ്തകങ്ങളുടെ ക്രമീകരണവും പുസ്തക രജിസ്റ്റർ തയ്യാറാക്കലും. | 2 വർഷം | എസ്.ആർ.ജി. വിദ്യാരംഗം പി.ടി.എ. | 75000 |

## പദ്ധതി വിശദാംശങ്ങൾ ഇംഗ്ലീഷ്

**പ്രവർത്തനം** ◘

**പേര് : ഇംഗ്ലീഷ് അസംബ്ലി**

**മേഖല : ഇംഗ്ലീഷ് ഭാഷാപഠനം**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | കുട്ടികൾ സ്വയം എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുത്ത് സ്കൂൾ അസംബ്ലി സംഘടിപ്പിക്കുന്നു. അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. അദ്ധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ, ക്ലാസ്സുകൾക്ക് ഇടവിട്ട് ചുമതല നൽകൽ. | 2 ആഴ്ചയിലൊരിക്കൽ | ഇംഗ്ലീഷ് ടീച്ചർ ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം** ◘

**പേര് : ഇംഗ്ലീഷ് ഡയറി**

**മേഖല : ഇംഗ്ലീഷ് ഭാഷാപഠനം**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ. | വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷ്ഡയറി എഴുതൽ, വായന കാർഡ്, വായനയും എഴുത്തും, പത്രവായന, ചിത്ര വിവരണം | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | 2000 |

**പ്രവർത്തനം** ◘

**പേര് : ഇംഗ്ലീഷ് തീയറ്റർ**

**മേഖല : ഇംഗ്ലീഷ് ഭാഷാപഠനം**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്ഥമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരിപ്പിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ടീച്ചർ എസ്.ആർ.ജി. | 10000 പി.ടി.എ. |

## പദ്ധതി വിശദാംശങ്ങൾ ഇംഗ്ലീഷ്

**പ്രവർത്തനം** ▢

**പേര്** : **ഇംഗ്ലീഷ് ബുള്ളറ്റിൻ**

**മേഖല** : **ഇംഗ്ലീഷ് സർഗാത്മക രചന**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗാത്മക രചനനടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയത്തെ ആസ്പദമാക്കി ബുള്ളറ്റിൻ തയ്യാറാക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ടീച്ചർ ക്ലാസ്സ് ടീച്ചർ, എച്ച്.എം. | 2000 പരസ്യത്തിലൂടെ കണ്ടെത്താം. പി.ടി.എ ഫണ്ട്. |

**പ്രവർത്തനം** ▢

**പേര്** : **ഇംഗ്ലീഷ് ഫെസ്റ്റ്**

**മേഖല** : **ഇംഗ്ലീഷ് ഭാഷാശേഷി വികാസം**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | ക്രിസ്സ്മസ്സ് അവധിക്കാലത്ത് 2 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ്. മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | 2 ദിവസം അവധിക്കാലം | എസ്.ആർ.ജി. പി.ടി.എ. ഇംഗ്ലീഷ് ടീച്ചർ | 5000 പി.ടി.എ ഫണ്ട്, ഒ.എസ്. എ. |

**പ്രവർത്തനം** ▢

**പേര്** : **ഇംഗ്ലീഷ് ചാറ്റിംഗ്**

**മേഖല** : **ഭാഷാശേഷി വികാസം**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടൽ | ഇംഗ്ലീഷ് ടീച്ചറുടെയോ ഒരു എക്സ്പേർട്ടിന്റെയോ നേതൃത്വത്തിൽ ഭാഷാശേഷി നേടാനുള്ള പ്രവർത്തനം | 2 മാസത്തിലൊരിക്കൽ | ഇംഗ്ലീഷ് ടീച്ചർ | 2000 |

## പദ്ധതി വിശദാംശങ്ങൾ ഹിന്ദി

പ്രവർത്തനം ▯

**പേര്** : **രാഷ്ട്രഭാഷ ശ്രേഷ്ഠഭാഷ**

**മേഖല** : **ഹിന്ദി ഭാഷാ പഠനം**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ<br>പ്രേംചന്ദ് ജയന്തി<br>ഹിന്ദി വാരാചരണം<br>ഹിന്ദി അസംബ്ലി | ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ പ്രേംചന്ദ് ജയന്തി, ഹിന്ദി ദിനാചരണം, ഹിന്ദി അസംബ്ലി തുടങ്ങിയവ സംഘടിപ്പിക്കൽ.<br>ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ നാടകീകരണം, ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ | ജൂലൈ 31 സെപ്തം.14<br>മാസത്തിലൊരിക്കൽ | ഹിന്ദി ടീച്ചർ ഹിന്ദി ക്ലബ്ബ് | 3000 എസ്സ്.എസ്സ്. ജി |

പ്രവർത്തനം ▯

**പേര്** : **ഹിന്ദി അസംബ്ലി**

**മേഖല** : **ഭാഷാശേഷി വികാസം**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | കുട്ടികൾ സ്വയം എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുത്ത് സ്കൂൾ അസംബ്ലി സംഘടിപ്പിക്കുന്നു. അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഹിന്ദിയിൽ അവതരിപ്പിക്കുന്നു. അദ്ധ്യാപകർ ഹിന്ദിയിൽ സന്ദേശം നൽകൽ. | മാസത്തിലൊരിക്കൽ | ഹിന്ദിടീച്ചർ ക്ലാസ്സ് ടീച്ചർ | 1000 |

പ്രവർത്തനം ▯

**പേര്** : **കവിപരിചയം – ആൽബം**

**മേഖല** : **ഭാഷാശേഷി വികാസം**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കവി പരിചയം സർഗാത്മക രചനകളിലേർപ്പെടാനുള്ള ശേഷി നേടൽ | ഹിന്ദി കവികളുടെയും, കവയിത്രികളുടെയും ചിത്രങ്ങൾ, ജീവചരിത്രക്കുറിപ്പുകൾതുടങ്ങിയവ ഉൾപ്പെടുത്തി ആൽബം തയ്യാറാക്കൽ. | 3 മാസത്തിലൊരിക്കൽ | ഹിന്ദിടീച്ചർ ക്ലാസ്സ് ടീച്ചർ | 1000 പി.ടി.എ. ഫണ്ട് |

# പദ്ധതി വിശദാംശങ്ങൾ ഹിന്ദി

പ്രവർത്തനം ▫

പേര് : **ഹിന്ദി ദിനാചരണം**

മേഖല : **ഹിന്ദി ഭാഷാ പഠനം**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി രാഷ്ട്രഭാഷ എന്ന നിലയിൽ അതിന്റെ പ്രാധാന്യം വർദ്ധിപ്പിക്കലും, താൽപര്യം ജനിപ്പിക്കലും | ഹിന്ദിദിനാചരണത്തിന്റെ ഭാഗമായി ഹിന്ദി അസംബ്ലി നടത്തൽ, കുട്ടികളുടെ നേതൃത്വത്തിൽ എല്ലാപരിപാടികളും ഹിന്ദിയിലവതരിപ്പിക്കൽ, ടീച്ചർ ഹിന്ദിയിൽ സന്ദേശം നൽകൽ | വർഷത്തിലൊരിക്കൽ | ഹിന്ദി ടീച്ചർ ഹിന്ദി ക്ലബ്ബ് | - - - |

പ്രവർത്തനം ▫

പേര് : **ഹിന്ദി ശബ്ദാർഥ്**

മേഖല : **ഭാഷാശേഷി വികാസം**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി വാക്കുകളും അവയുടെ അർഥവും പരിചയപ്പെടാനുള്ള അവസരം | ഹിന്ദി ബുള്ളറ്റിൻ ബോർഡിൽ എല്ലാദിവസവും ഒരു വാക്ക് എഴുതുകയും അതിന്റെ അർഥം, ആവശ്യമെങ്കിൽ വിവരണം, ചിത്രം എന്നിവ പ്രദർശിപ്പിക്കൽ. | ദിനംപ്രതി | ഹിന്ദി ടീച്ചർ ഹിന്ദി ക്ലബ്ബ് | - - - |

പ്രവർത്തനം ▫

പേര് : **സുഗമ ഹിന്ദി പരിശീലനം**

മേഖല : **ഭാഷാ നൈപുണ്യ വികാസം**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കവി പരിചയം സർഗാത്മക രചനകളിലേർപ്പെടാനുള്ള ശേഷി നേടൽ | ഹിന്ദി സ്കോളർഷിപ്പ് പരീക്ഷക്കുള്ള പ്രത്യേക പരിശീലനം, സുഗമ ഹിന്ദി പരിശീലനം നൽകൽ | 1 വർഷം | ഹിന്ദിടീച്ചർ റിസോർസ് ടീച്ചർ | 1000 പി.ടി.എ. ഫണ്ട് |

## പദ്ധതി വിശദാംശങ്ങൾ ഗണിതം

**പ്രവർത്തനം** □

**പേര് : ഗണിതലാബ് സജ്ജീകരിക്കൽ**

**മേഖല : ഗണിതശേഷി വികാസം**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ. ഗണിതവുമായി ബന്ധപ്പെട്ട ആശയങ്ങൾ കളികളിലൂടെ ഉറപ്പിക്കുന്നു. | വിദ്യാലയത്തിൽ സജ്ജമാക്കിയിരിക്കുന്ന ഗണിത ലാബ് കാര്യക്ഷമമായി ഉപയോഗപ്പെടുത്തൽ. ലാബിൽ വച്ച് ഗണിതക്ലാസ്സുകൾ നടത്തൽ. ഗണിതപ്രശ്നങ്ങളോട് താൽപര്യം ജനിപ്പിക്കൽ. 1,2 ക്ലാസുകളിൽ ഉല്ലാസ ഗണിതം, 3,4 ക്ലാസുകളിൽ ഗണിത വിജയം | ആവശ്യാനുസരണം | ഗണിത ടീച്ചർ ഗണിത ക്ലബ്ബ് | - - - |

**പ്രവർത്തനം** □

**പേര് : ഗണിത ക്ലബ്ബ്**

**മേഖല : ഗണിതാഭിരുചി വികാസം**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതക്ലബ്ബ് രുപീകരണവും ഗണിതാശയ പ്രചാരണവും | ഗണിതാചാര്യൻമാരുടെ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഗണിത ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ, ഗണിത ക്വിസ്സ് സംഘടിപ്പിക്കൽ, ചോദ്യോത്തരപ്പെട്ടി സ്ഥാപിക്കൽ. | ആവശ്യാനുസരണം | ഗണിതാദ്ധ്യാപിക ഗണിത ക്ലബ്ബ് | - - - |

**പ്രവർത്തനം** □

**പേര് : ചതുഷ്ക്രിയ ക്യാമ്പ്**

**മേഖല : ഗണിതശേഷി വികാസം**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതക്രിയകളിൽ പിന്നോക്കം നിൽക്കുന്നവരുൾപ്പെടെ ശാക്തീ കരിക്കപ്പെടൽ | ചതുഷ്ക്രിയയിൽ മികവുപുലർത്താത്തവരെ പ്രത്യേക പരിഗണന നൽകി പിന്തുണക്കൽ. വിദഗ്ദരുടെ ക്യാമ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കൽ. ചതുഷ്ക്രിയകൾ ICT ഉപയോഗിച്ച് രസകരവും ലളിതവുമാക്കുന്നു. | അവധിക്കാല ക്യാമ്പുകൾ | എസ്.ആർ.ജി. ഗണിത ടീച്ചർ, പി.ടി.എ. | 5000 പി.ടി.എ |

## പദ്ധതി വിശദാംശങ്ങൾ ഗണിതം

പ്രവർത്തനം ▯

**പേര്** : **പഠനോപകരണ ശിൽപശാല**

**മേഖല** : **ഗണിതശേഷി വികാസം**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദഗ്ദരെ ഉൾപ്പെടുത്തി ഗണിതപഠനോപകരണങ്ങൾ നിർമിക്കൽ. കുട്ടികളും നിർമാണ ശില്പശാലയിൽ പങ്കാളികളാകൽ. | ഓണാവധിക്കാലത്ത് അധ്യാപർക്കും, വിദ്യാർഥികൾക്കും പഠനോപകരണങ്ങൾ നിർമിക്കാനുള്ള പരിശീലനം നൽകുന്നു. | അവധിക്കാലത്തൊരിക്കൽ | ഗണിത ടീച്ചർ ഗണിത ക്ലബ്ബ് പി.ടി.എ | 2500 പി.ടി. എ. |

പ്രവർത്തനം ▯

**പേര്** : **ഗണിത മാഗസിൻ**

**മേഖല** : **ഗണിതാഭിരുചി വികാസം**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെയും അവർ ശേഖരിച്ചതുമായ രചനകൾ ഉൾപ്പെടുത്തി ഗണിതമാഗസിൻ. | ഗണിതമേളകളിൽ പങ്കെടുപ്പിക്കാനുതകുംവിധം എൽ.പി, യു.പി. ക്ലാസ്സുകളിലെ രചനകൾ തെരഞ്ഞെടുത്ത് കുട്ടികളുടെ നേതൃത്വത്തിൽ ഗണിതമാഗസിൻ തയ്യാറാക്കുന്നു. | 1 വർഷം | ഗണിതാദ്ധ്യാപിക ഗണിത ക്ലബ്ബ് | 1000 പി.ടി.എ. |

പ്രവർത്തനം ▯

**പേര്** : **ഗണിത മേള**

**മേഖല** : **ഗണിതശേഷി പ്രയോഗം**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂൾതലം, ഉപജില്ലാതലം മറ്റുയർന്നതലത്തിലും മേളകളിൽ പങ്കെടുക്കൽ. | ഗണിതശാസ്ത്ര മേളകളിൽ പങ്കെടുക്കാനുതകുംവിധം പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നു. അധ്യയനവർഷാരംഭം മുതൽ ലഭിക്കുന്ന ഉൽപന്നങ്ങൾ വിലയിരുത്തി മെച്ചപ്പെട്ടവ കണ്ടെത്തുന്നു. | മാസത്തിൽ ഒരു തവണ | എസ്.ആർ.ജി. ഗണിത ടീച്ചർ, ഗണിത ക്ലബ്ബ് | 3000 പി.ടി.എ |

## പദ്ധതി വിശദാംശങ്ങൾ ശാസ്ത്രം

പ്രവർത്തനം □

പേര് : **ശാസ്ത്രലാബ് നവീകരിക്കൽ**

മേഖല : **ശാസ്ത്രാഭിരുചി വികാസം**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രലാബ് സജ്ജീകരണം, ശാസ്ത്രപഠനം കാര്യക്ഷമമാക്കൽ. | വിദ്യാലയത്തിൽ സജ്ജമാക്കിയിരിക്കുന്ന ശാസ്ത്രലാബ് കാര്യക്ഷമമായി ഉപയോഗപ്പെടുത്തൽ. ലാബിൽ സൂക്ഷിച്ചിരിക്കുന്ന ഉപകരണങ്ങൾ, രാസവസ്തുക്കൾ തരംതിരിക്കൽ, ലേബലിംഗ്. കാറ്റലോഗ് തയ്യാറാക്കൽ, ഇരിപ്പിടം സജ്ജമാക്കൽ. | 1 വർഷം | സയൻസ് ടീച്ചർ സയൻസ് ക്ലബ്ബ് | 50000 ഒ.എസ്.എ. |

പ്രവർത്തനം □

പേര് : **സയൻസ് ക്ലബ്ബ്**

മേഖല : **ശാസ്ത്ര പരിപോഷണ പരിപാടി**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സയൻസ് ക്ലബ്ബ് രൂപീകരണവും ശാസ്ത്രാശയ പ്രചാരണവും | ശാസ്ത്രജ്ഞൻമാരുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ശാസ്ത്ര ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ, ശാസ്ത്ര ക്വിസ്സ് സംഘടിപ്പിക്കൽ, ചോദ്യോത്തരപ്പെട്ടി സ്ഥാപിക്കൽ. | ആവശ്യാനുസരണം | സയൻസ് ടീച്ചർ സയൻസ് ക്ലബ്ബ് | 2000 പി.ടി.എ. |

പ്രവർത്തനം □

പേര് : **ശാസ്ത്ര മേളകൾ**

മേഖല : **ശാസ്ത്ര പരിപോഷണ പരിപാടി**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കൽ, പ്രയോഗിക്കൽ | ശാസ്ത്ര മേളകളിൽ പങ്കെടുക്കാനുതകുംവിധം പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നു. അധ്യയനവർഷാരംഭം മുതൽലഭിക്കുന്ന ഉൽപന്നങ്ങൾ വിലയിരുത്തി മെച്ചപ്പെട്ടവ കണ്ടെത്തുന്നു. | മാസത്തിൽ ഒരു തവണ | സയൻസ് ടീച്ചർ സയൻസ് ക്ലബ്ബ് | 3000 പി.ടി.എ |

## പദ്ധതി വിശദാംശങ്ങൾ ശാസ്ത്രം

**പ്രവർത്തനം** ▯

**പേര് :** **ശാസ്ത്രം ജനനന്മക്ക്**

**മേഖല :** **ശാസ്ത്ര പരിപോഷണ പരിപാടി**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി, അനിവാര്യത, ശാസ്ത്രം ജന നന്മക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ. സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | പ്രതിമാസ പരിപാടി | സയൻസ് ടീച്ചർ സയൻസ് ക്ലബ്ബ് | 3000 എസ്.എസ്. ജി. |

**പ്രവർത്തനം** ▯

**പേര് :** **ശാസ്ത്ര യാത്രകൾ**

**മേഖല :** **ശാസ്ത്ര പരിപോഷണ പരിപാടി**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ. | ശാസ്ത്ര പ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ, സയൻസ് പാർക്ക്, സംസ്ഥാന ശാസ്ത്രമേളകൾ തുടങ്ങിയവ നിരീക്ഷിക്കാനുള്ള പഠനയാത്രകൾ. | പ്രതിവർഷം 3യാത്രകൾ | സയൻസ് ക്ലബ്ബ് പി.ടി.എ. | 15000 ഒ.എസ്.എ. സി.പി.ടി.എ |

**പ്രവർത്തനം** ▯

**പേര് :** **ശാസ്ത്ര മാജിക്**

**മേഖല :** **ശാസ്ത്ര പരിപോഷണ പരിപാടി**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | ശാസ്ത്രതത്വങ്ങൾ എളുപ്പം മനസ്സിലാക്കുവാനും ശാസ്ത്രാഭിരുചി വളർത്തുവാനും രസകരമായ ലഘു പരീക്ഷണങ്ങളിലേർപ്പെടുന്നു. | പ്രതിമാസം | എസ്.ആർ.ജി. | – – – |

## പദ്ധതി വിശദാംശങ്ങൾ സാമൂഹ്യശാസ്ത്രം

പ്രവർത്തനം ◘

പേര് : ഡിബേറ്റ്

മേഖല : സാമൂഹ്യാവബോധം വളർത്തൽ

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക | സമകാലിക പ്രസക്തിയുള്ള സാമൂഹ്യശാസ്ത്ര വിഷയങ്ങളെക്കുറിച്ച് സംവാദം, സെമിനാർ, പാനൽ ചർച്ച, പ്രഭാഷണം മുതലായവ സംഘടിപ്പിക്കൽ. | പ്രതിമാസ പരിപാടി | എസ്.ആർ.ജി. എസ്സ്.എസ്സ്. ക്ലബ്ബ് സോഷ്യൽ ടീച്ചർ | 3000 എസ്.എസ്. ജി. |

പ്രവർത്തനം ◘

പേര് : പഠന യാത്രകൾ

മേഖല : പ്രത്യക്ഷാനുഭവ നിർമിതി

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യ വസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ, വ്യവസായശാലകൾ, ചരിത്ര സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് പഠനയാത്രകൾ. | പ്രതിമാസ പരിപാടി | എസ്.ആർ.ജി. എസ്സ്.എസ്സ്. ക്ലബ്ബ് സോഷ്യൽ ടീച്ചർ | 15000 ഒ.എസ്.എ. സി.പി.ടി.എ |

പ്രവർത്തനം ◘

പേര് : സാമൂഹ്യശാസ്ത്ര ലാബ്

മേഖല : സാമൂഹ്യശാസ്ത്ര പരിപോഷണ പരിപാടി

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരുമുറിയിൽ സാമൂഹ്യസാസ്ത്ര ലാബ് ക്രമീകരിക്കൽ. കാര്യക്ഷമമായി ഉപയോഗപ്പെടുത്തൽ. | വർഷത്തിലൊരിക്കൽ | എസ്സ്.എസ്സ്. ക്ലബ്ബ് സോഷ്യൽ ടീച്ചർ | 5000 ഒ.എസ്.എ. പി.ടി.എ |

## പദ്ധതി വിശദാംശങ്ങൾ സാമൂഹ്യശാസ്ത്രം

പ്രവർത്തനം □

**പേര്** : **സ്കൂൾ പാർലമെന്റ് ഇലക്ഷൻ**

**മേഖല** : **സാമൂഹ്യശാസ്ത്രം സാമൂഹ്യ നന്മക്ക്**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജനാധിപത്യ ഭരണ രീതി മനസ്സിലാക്കുകയും അനുഭവിച്ചറിയുകയും ചെയ്യൽ. | ജനാധിപത്യം, തെരഞ്ഞെടുപ്പ് ഇവ നേരനുഭവമാക്കൽ, തെരഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങളിലൂടെ കടന്നു പോകൽ. രാജ്യത്തിന്റെ ഭരണ പ്രക്രിയിൽ പങ്കാളികളാകാനുള്ള മുന്നറിവ് നേടൽ. | വർഷത്തിലൊരിക്കൽ | എസ്സ്.എസ്സ്. ക്ലബ്ബ് സോഷ്യൽ ടീച്ചർ | - - - |

പ്രവർത്തനം □

**പേര്** : **മോക്ക് പാർലമെന്റ്**

**മേഖല** : **സാമൂഹ്യാവബോധ പരിപാടി**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ. മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ. | പ്രതിവർഷം 3സമ്മേളനങ്ങൾ | എസ്സ്.എസ്സ്. ക്ലബ്ബ് സോഷ്യൽ ടീച്ചർ | - - - |

പ്രവർത്തനം □

**പേര്** : **ബുള്ളറ്റിൻ ബോർഡ്**

**മേഖല** : **സാമൂഹ്യശാസ്ത്ര അറിവ് നിർമിതി**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര അറിവുകളെ ഉറപ്പിക്കൽ. | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർഥികൾക്കും വായിക്കാൻ കഴിയുന്നിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുക. എല്ലാദിവസത്തെയും പ്രധാന വാർത്തകൾ, സംഭവങ്ങൾ പ്രദർശിപ്പിക്കുക. | പ്രതിദിനം | എസ്സ്.എസ്സ്. ക്ലബ്ബ് സോഷ്യൽ ടീച്ചർ | 2000 പി.ടി.എ. |

## പദ്ധതി വിശദാംശങ്ങൾ    കല കായികം ചിത്രരചന

**പ്രവർത്തനം** □

**പേര്** : **കലാമണ്ഡലം**

**മേഖല** : **കലാ വിദ്യാഭ്യാസ പരിപാടി**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാവാസനകൾക്ക് പരിശീലനം. | നൃത്തം, സംഗീതം, സ്കൂൾ ബാന്റ് തുടങ്ങിയ കലകളുടെ പരിശീലനത്തിനായി പരിശീലന കേന്ദ്രം, അവധി ദിവസങ്ങളിൽ പരിശീലനം. | അവധി ദിവസങ്ങളിൽ | ആർട്സ് ക്ലബ്ബ് എച്ച്.എം പി.ടി.എ. | 20000 സി.പി.ടി.എ. |

**പ്രവർത്തനം** □

**പേര്** : **ചിത്ര രചനാക്കളരി**

**മേഖല** : **കലാ വിദ്യാഭ്യാസ പരിപാടി**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചിത്ര രചനയിൽ പ്രാവീണ്യം നേടൽ. | മദ്ധ്യവേനൽ അവധിക്കാലത്ത് 5 ദിവസം നീണ്ടുനിൽക്കുന്ന ചിത്രരചനാശിൽപശാല. | പ്രതിവർഷം 5ദിവസം | എസ്.ആർ.ജി. പി.ടി.എ. | 5000 എസ്.എം.സി. |

**പ്രവർത്തനം** □

**പേര്** : **കായിക പരിശീലനം**

**മേഖല** : **കായിക വിദ്യാഭ്യാസ പരിപാടി**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ. | പ്രത്യേകാവസരങ്ങളിൽ കായിക പരിശീലനം നൽകൽ, ആഴ്ചയിൽ രണ്ട് ദിവസം എല്ലാ കുട്ടികൾക്കും മാസ്ഡ്രിൽ പരിശീലനം. | ആഴ്ചയിൽ 2 ദിവസം | കായികാധ്യാപിക | - - - |

**പ്രവർത്തനം** □

**പേര്** : **കായികമേള വിജയികൾക്ക അഭിനന്ദനം**

**മേഖല** : **കായിക വിദ്യാഭ്യാസ പരിപാടി**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമ്മാനം നൽകി ആദരിക്കൽ | സ്കൂൾതല, ഉപജില്ലാതല വിജയികൾക്ക് ക്യാഷ് അവാർഡും മൊമന്റോയും നൽകൽ | മത്സരങ്ങൾക്ക് ശേഷം | എസ്.ആർ.ജി. | 5000 ഒ.എസ്.എ. |

# പദ്ധതി വിശദാംശങ്ങൾ  സാമൂഹിക വിദ്യാഭ്യാസ പരിപാടി

**പ്രവർത്തനം** □

**പേര്** : **100 കവികൾ 100 കവിതകൾ**

**മേഖല** : **സാമൂഹ്യ വിദ്യാഭ്യാസ പരിപാടി**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കവികളെയും കൃതികളെയും പരിചയപ്പെടൽ | 100 കുട്ടികൾക്കും 100 കവികളുടെ പേരുകൾ നൽകുന്നു. ഓരോ കുട്ടിയും അവർക്ക് ലഭിച്ചിരിക്കുന്ന കവിയുടെ ഒരു കവിതയും ലഘുജീവ ചരിത്രവും തയ്യാറാക്കുന്നു. പുസ്തകരൂപത്തിലാക്കുന്നു. | വർഷത്തിലൊരിക്കൽ | എസ്.ആർ.ജി. | - - - |

**പ്രവർത്തനം** □

**പേര്** : **ജൈവ വൈവിധ്യ പാർക്ക്**

**മേഖല** : **സാമൂഹ്യ വിദ്യാഭ്യാസ പരിപാടി**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കൽ | സ്കൂളിലെ നിലവിലുള്ള ജൈവവൈവിധ്യ പാർക്ക് വികസിപ്പിക്കുകയും ശാസ്ത്രീയമാക്കുകയും ചെയ്യൽ. | വർഷത്തിലൊരിക്കൽ | എസ്.ആർ.ജി. പി.ടി.എ. | 25000 എസ്.എസ്.എ. |

**പ്രവർത്തനം** □

**പേര്** : **പച്ചക്കറിത്തോട്ടം**

**മേഖല** : **സാമൂഹ്യ വിദ്യാഭ്യാസ പരിപാടി**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ ജൈവ പച്ചക്കറിത്തോട്ട നിർമാണം | വർഷത്തിലൊരിക്കൽ | നല്ലപാഠം ക്ലബ്ബ് സീഡ് ക്ലബ്ബ് | 5000 കൃഷി വകുപ്പ് |

**പ്രവർത്തനം** □

**പേര്** : **പോഷകാഹാര പരിപാടി**

**മേഖല** : **സാമൂഹ്യ വിദ്യാഭ്യാസ പരിപാടി**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം ആരോഗ്യമുള്ള മനസ്സിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ഥ മെനു വെച്ച് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | നൂൺ മീൽ ടീച്ചർ, എച്ച്.എം, പിടി.എ. | ഉച്ചക്കഞ്ഞി ഫണ്ട് |

# പദ്ധതി വിശദാംശങ്ങൾ   സാമൂഹിക വിദ്യാഭ്യാസ പരിപാടി

**പ്രവർത്തനം** ▯

**പേര്** : **സി.പി.ടി.എ. ശാക്തീകരണം**

**മേഖല** : **സാമൂഹ്യ വിദ്യാഭ്യാസ പരിപാടി**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ. | സി.പി.ടി.എ. കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ, പഠനപുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതു ചർച്ച | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ | - - - |

**പ്രവർത്തനം** ▯

**പേര്** : **ജന്മദിനത്തിനൊരു പുസ്തകം**

**മേഖല** : **സാമൂഹ്യ വിദ്യാഭ്യാസ പരിപാടി**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസ്സ് ലൈബ്രറിയുടെ നവീകരണം | ക്ലാസ്സ് ടീച്ചറും കുട്ടികളും രക്ഷിതാവും ജന്മദിനത്തിൽ ഒരു പുസ്തകം ക്ലാസ്സ് ലൈബ്രറിയിലേക്ക് സംഭാവന ചെയ്യുന്നു. കുടുംബാംഗങ്ങളെ പങ്കെടുപ്പിക്കുന്നു. | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ്സ് ടീച്ചർ ക്ലാസ്സ് ലീഡർ | - - - |

**പ്രവർത്തനം** ▯

**പേര്** : **ചരിത്ര കലണ്ടർ**

**മേഖല** : **സാമൂഹ്യ വിദ്യാഭ്യാസ പരിപാടി**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചരിത്രബോധം വളർത്തിയെടുക്കൽ | 12 ബിഗ്ചാർട്ടിൽ ജനുവരിമുതൽ ഡിസംബർ വരെയുള്ള മുഴുവൻ തിയ്യതികളും എഴുതി കലണ്ടർ രൂപത്തിൽ തയ്യാറാക്കുന്നു. ചരിത്രവുമായി ബന്ധപ്പെട്ട് ഓരോദിവസത്തെയും നിശ്ചിത തിയ്യതിക്കു താഴെ ഒട്ടിക്കുന്നു. | പ്രതി ദിനം | എസ്.ആർ.ജി. എസ്സ്.എസ്സ്. ക്ലബ്ബ് | - - - |

**പ്രവർത്തനം** ▯

**പേര്** : **മെഡിക്കൽ ക്യാമ്പ്**

**മേഖല** : **സാമൂഹ്യ വിദ്യാഭ്യാസ പരിപാടി**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ. | വർഷത്തിലൊരിക്കൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യപരിശോധന നടത്തൽ. | വർഷത്തിലൊരിക്കൽ | എച്ച്.എം. പി.ടി.എ. | 15000 സ്പോൺസർഷിപ്പ് |

## പദ്ധതി വിശദാംശങ്ങൾ സാമൂഹികം

പ്രവർത്തനം ▯

**പേര്** : **പ്രാദേശിക പി.ടി.എ. യോഗങ്ങൾ**

**മേഖല** : **സാമൂഹികം**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ. | വിദ്യാലയത്തിന്റെ ക്യാച്ച്മെന്റ് ഏരിയ വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സ്ഥലത്ത്, സമയത്ത് യോഗങ്ങൾ സംഘടിപ്പിക്കൽ. | വർഷത്തിൽ 2 പ്രാവശ്യം | എസ്സ്.എസ്സ്.ജി എസ്.ആർ.ജി. | - - - |

പ്രവർത്തനം ▯

**പേര്** : **പൂർവ വിദ്യാർഥി സംഗമങ്ങൾ**

**മേഖല** : **സാമൂഹികം**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ. | വിവിധ ബാച്ചുകളായി പൂർവ്വ വിദ്യാർഥി സംഗമങ്ങൾ വിളിച്ചു ചേർക്കൽ, അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ. | വർഷത്തിൽ 2 പ്രാവശ്യം | എസ്.ആർ.ജി. ഒ.എസ്.എ. | 2000 ഒ.എസ്.എ. |

പ്രവർത്തനം ▯

**പേര്** : **പൂർവ്വാധ്യാപക സംഗമം**

**മേഖല** : **സാമൂഹികം**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ. | അധ്യാപക ഹാജർബുക്ക് പരിശോധിച്ച് പൂർവ്വാധ്യാപകരെ വിളിച്ചുചേർത്ത് സമിതി രൂപീകരിക്കൽ. | 2 വർഷത്തിലൊരിക്കൽ. | സ്റ്റാഫ് കൗൺസിൽ | 2000 സ്റ്റാഫ് ഫണ്ട് |

പ്രവർത്തനം ▯

**പേര്** : **പ്രീപ്രൈമറി കലോത്സവം**

**മേഖല** : **സാമൂഹികം**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ, നവാഗതർക്ക് വിദ്യാലയ പരിചയം. | വിദ്യാലയപരിസരത്തുള്ള അങ്കണവാടികളിലെ കുട്ടികളെ പങ്കെടുപ്പിച്ച് കലോത്സവം സംഘടിപ്പിക്കൽ. | വർഷത്തിലൊരിക്കൽ | പി.ടി.എ. | 10000 സ്പോൺസർഷിപ്പ് |

## പ്രതീക്ഷിത നേട്ടങ്ങൾ

**(കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ)**

- ശിശുസൗഹൃദമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുങ്ങുന്നു.
- സ്കൂൾ സമൂഹത്തിന് എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- ക്ലാസ് കയറ്റത്തിനൊപ്പം വിദ്യാർത്ഥികളുടെ ഗുണാത്മക പ്രൊഫൈലുകൾ കൈമാറുന്നു.
- വിദ്യാലയത്തിന്റെ സ്ഥല പരിമിതി കണക്കിലെടുത്ത് പ്രവേശന നിരക്ക് ക്രമാനുഗതമായി ക്രമീകരിക്കുകയും അക്കാദമിക നിലവാരം ഉയരുകയും ചെയ്യുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ സാധിക്കുന്നു.
- വിദ്യാഭ്യാസരംഗത്തുള്ള ഗുണകരമല്ലാത്ത പ്രവണതകൾക്ക് തടയിടാൻ സാധിക്കുന്നു.
- വിദ്യാർഥികളുടെ പഠനനിലവാരം ഗുണാത്മകമായി യഥാസമയം രക്ഷിതാക്കളിലെത്തിക്കാൻ സാധിക്കുന്നു.

**സൗകര്യങ്ങൾക്കനുസരിച്ച് കുട്ടികളുടെ എണ്ണം ക്രമീകരിക്കൽ**

| 2022-23 | | | 2023-24 | | | 2024-25 | | | 2025-26 | | | 2026-27 | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Boys | Girls | Total | B | G | T | B | G | T | B | G | T | B | G | T |
| 375 | 341 | 716 | 360 | 340 | 700 | 345 | 340 | 685 | 340 | 330 | 670 | 330 | 320 | 650 |

## മോണിറ്ററിംഗ്

**(കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ നൽകുന്ന മേണിറ്ററിംഗ്)**

- ഔദ്യോഗികതലത്തിലുള്ള മോണിറ്ററിംഗ് സ്കൂൾ തലത്തിൽ ശക്തമാക്കുന്നു.
- സോഷ്യൽ മോണിറ്ററിംഗ് രീതി (പി.ടി.എ, എം.പി.ടി.എ, എസ്.എസ്.ജി, എസ്.ആർ.ജി, ഒ. എസ്. എ. എന്നിവരെ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു.
- ദൈനംദിന മോണിറ്ററിംഗ് എച്ച്.എം, എസ്.ആർ.ജി. കൺവീനർ, പി.ടി.എ. പ്രസിഡന്റ് എന്നിവരെ ഉൾപ്പെടുത്തി നിർവഹിക്കുന്നു.

## ഉപസംഹാരം

**പൊ**തുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതോടൊപ്പം അന്താരാഷ്ട്ര നിലവാരത്തിലേക്കുയരുകയും സമൂഹം ഒന്നടങ്കം വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും വിദ്യാലയ ശാക്തീകരണം സാധ്യമാവുകയും ചെയ്യുന്നതിലൂടെ വലിയൊരു സ്വപ്ന സാക്ഷാത്ക്കാരമാണ് നാം നേടിയെടുക്കുന്നത്. പഠനപിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും സ്കൂൾ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അധ്യാപകരുടേയും രക്ഷകർത്താക്കളുടെയും പൂർവവിദ്യാർഥികളുടെയും കൂട്ടായ ശ്രമങ്ങൾക്ക് സാധിക്കും. അതുവഴി അയൽവക്ക വിദ്യാലയം എന്ന ആശയം യാഥാർഥ്യമാവുകയും ഒരു സമൂഹം ഒരൊറ്റ വിദ്യാഭ്യാസം എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടുകയും ചെയ്യും.

## അനുബന്ധം